ജി2-186 (എം)/2016

ഡയറക്ടറേറ്റ് ഓഫ് പ്രിസൺസ്
ആന്റ് കറക്ഷണൽ സർവ്വീസസ്
തിരുവനന്തപുരം
തീയതി : 28-04-2016

## സർക്കുലർ നമ്പർ 34/2016

വിഷയം :- ജയിലുകൾ- ജയിൽ ലൈബ്രറി ഗ്രന്ഥശേഖരം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്

നിലവിലുള്ള ജയിൽ നിയമങ്ങൾ അനുസരിച്ച് ജയിലുകളിൽ തടവുകാരുടെ ഉപയോഗത്തിന് വേണ്ടി ലൈബ്രറി സൗകര്യം ഉണ്ടായിരിക്കേണ്ടതും തടവുകാരിൽ വായനാ ശീലം പ്രോത്സാഹിപ്പിക്കേണ്ടതും പഠിക്കുവാനാഗ്രഹിക്കുന്ന തടവുകാർക്ക് പഠനത്തിനുള്ള സൗകര്യം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ നിരക്ഷരരായ എല്ലാ തടവുകാരേയും സാക്ഷരരാക്കേണ്ടതാണ് എന്നും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ ജയിലുകളിലും നിലവിൽ തടവുകാർക്ക് വേണ്ടി ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രധാനപ്പെട്ട ജയിലുകളിൽ മാത്രമെ ഇത്തരത്തിലുള്ള ലൈബ്രറികൾ മെച്ചപ്പെട്ട നിലയിൽ തടവുകാർ ഉപയോഗിച്ചുവരുന്നുള്ളൂ. മറ്റുള്ള ജയിലുകളിലെ ലൈബ്രറികളിൽ വേണ്ടത്ര വൈവിദ്ധ്യമാർന്ന ഗ്രന്ഥശേഖരത്തിന്റെ അപരാപ്തതയുണ്ട്. ആയതിനാൽ ജയിൽ ലൈബ്രറികളിൽ പുസ്തക ശേഖരം വിപുലമാക്കേണ്ടതുണ്ട്. അതിന് വേണ്ടി ജില്ലാ ലൈബ്രറി കൗൺസിലുമായും വിവിധ സന്നദ്ധസംഘടനകളുമായും ബന്ധപ്പെട്ട് ജയിൽ ലൈബ്രറികളിലെ പുസ്തക ശേഖരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സെൻട്രൽ ജയിലുകളിൽ പതിനായിരം രൂപയ്ക്കും പുസ്തക ങ്ങളും ജില്ലാ ജയിലുകളിൽ അയ്യായിരം രൂപയ്ക്കും സ്പെഷ്യൽ സബ് ജയിലുകളിൽ മൂവായിരം രൂപയ്ക്കും സബ് ജയിലുകളിൽ രണ്ടായിരം രൂപയ്ക്കും മുഖവിലയ്ക്കുള്ള പുസ്തകങ്ങളെങ്കിലും ഇപ്രകാരം ലഭ്യമാക്കുന്നതിന് ശ്രമിക്കേണ്ട താണ്. ജയിൽ സൂപ്രണ്ടുമാർ ഇപ്രകാരം പുസ്തകങ്ങൾ ലഭ്യമാക്കിയ വിവരം ജയിൽ ആസ്ഥാന കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് :- 1) ഐ.ജി ഓഫ് പ്രിസൺസ്/ ഡി.ഐ.ജി ഓഫ് പ്രിസൺസ്, ഉത്തര മേഖല/ മദ്ധ്യ മേഖല/ ദക്ഷിണ മേഖല /സി.ഡബ്ല്യൂ.ഒ/പി.എ ടു ഡി.ജി.പി സി.എസ് സി. എ ടു. ഡി.ജി.പി & സി.എസ്

2) സൂപ്രണ്ട്, (ജി) സെക്ഷൻ/ഫയൽ /കരുതൽ ഫയൽ

റ്റി.എസ്